"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ജീവനക്കാര്യം - ഓഡിറ്റർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. സിനി റ്റി. എസ് -ന്റെ പ്രൊബേഷൻ കാലയളവ് 15.03.2025 മുതൽ ആറ് മാസത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 4676/2025/ധന** **തീയതി, തിരുവനന്തപുരം, 24/05/2025**

പരാമർശം :- 1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28/06/2021 -ലെ ഡി.കെ.എസ്.എ.311/2021-എസ്റ്റാ 3 നമ്പർ നടപടിക്രമം.
2. സ.ഉ.(സാധാ) നം.5479/2022/ധന തീയതി: 02/08/2022
3. സ.ഉ. (സാധാ) നം.5729/2023/ധന തീയതി: 02/08/2023
4. സ.ഉ. (സാധാ) നം.5090/2024/ധന തീയതി: 28/06/2024
5. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15/04/2025 -ലെ ഡി.കെ.എസ്.എ.1882. എസ്റ്റാ.3/2022 നമ്പർ കത്ത്.

**ഉത്തരവ്**

16.06.2015 പൂർവാഹനത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്റർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി സിനി റ്റി. എസ്. 29.07.2017 മുതൽ 08.02.2018 വരെ കെ.എസ്.ആർ. ഭാഗം I അപ്പൻഡിക്സ് XII A പ്രകാരം ശൂന്യവേതനാവധിയിലായിരുന്നു. 09.02.2018 പൂർവ്വാഹ്നം തിരികെ ജോലിയിൽ പ്രവേശിച്ച ശ്രീമതി സിനി റ്റി.എസ്., 14.03.2021 -ൽ മൂന്ന് വർഷത്തിനുള്ളിലെ തുടർച്ചയായ രണ്ട് വർഷത്തെ സേവനം പൂർത്തിയാക്കിയെങ്കിലും പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷകൾ നിശ്ചിത കാലയളവിനുള്ളിൽ വിജയിക്കാത്തതിനെ തുടർന്ന് ശ്രീമതി. സിനി റ്റി. എസ്.-ന്റെ പ്രൊബേഷൻ കാലയളവ് പരാമർശം 1 പ്രകാരം 15.03.2021 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു. ദീർഘിപ്പിച്ച കാലയളവിനുള്ളിലും വകുപ്പുതല പരീക്ഷ വിജയിക്കാത്തതിനാൽ പരാമർശം (2), (3) & (4) ഉത്തരവുകൾ പ്രകാരം 15.03.2022 മുതൽ 14.03.2025 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. ഈ കാലയളവിലും ടിയാൾക്ക് വകുപ്പുതല പരീക്ഷകളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ടെസ്റ്റ് ലോവർ വിജയിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ ടിയാളുടെ പ്രൊബേഷൻ 15.03.2025 മുതൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (5) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭ്യർഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതുവരെ വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നതല്ലെന്ന നിബന്ധനയിന്മേലും ദീർഘിപ്പിച്ചു നൽകുന്ന കാലയളവിനുള്ളിൽ നിർബന്ധിത പരീക്ഷ കർശനമായും വിജയിച്ചിരിക്കണമെന്നും അല്ലെങ്കിൽ ഓഡിറ്റർ തസ്തികയിൽ 'Full Membership' ന് യോഗ്യതയില്ല എന്ന നിഗമനത്തിൽ സർക്കാർ എത്തുകയും KS&SSR ഭാഗം II ചട്ടം, 19, 20 പ്രകാരമുള്ള അധികാരം വിനിയോഗിച്ച് പ്രൊബേഷൻ ടെർമിനേറ്റ് ചെയ്ത് സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള വ്യവസ്ഥയ്ക്കു വിധേയമായും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്ററായ ശ്രീമതി. സിനി റ്റി. എസ് -ന്റെ പ്രൊബേഷൻ കാലയളവ് 15.03.2025 മുതൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥ, (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നം. എസ്റ്റാ.ഡി.1/89/2022-ധന, ഇ 2148024)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ